# ആഗോളവൽക്കരണം ജീവിതത്തെ നിർമിച്ചത്

മുഹമ്മദ് ശമീം

ഇരയെ പഴിചാരൽ എക്കാലത്തും മേലാളതന്ത്രമാണ്. നീച ജാതികളുടെ മുജ്ജന്മ ദുഷ്കൃതത്തെക്കുറിച്ച സവർണ സിദ്ധാന്തം ഉദാഹരണം. ആദിവാസികൾ ഭൂരഹിതരായത് അവർ മദ്യപരും കഴിവുകെട്ടവരുമായതുകൊണ്ടാണെന്ന ലഘൂകരണമുണ്ടല്ലോ നമ്മുടെ നാഗരികർക്ക്. ആഫ്രിക്കയെ പ്പറ്റി ഇപ്പോഴും ഇതേ വർത്തമാനങ്ങൾ പ്രചരിപ്പിക്കുന്നു.

**ഒന്ന്, അലച്ചിൽ**

സാക്ഷിക്കൂട്ടിൽ മാദൂ കെയ്ത, ഫ്രഞ്ചുകാരൻ ജഡ്ജിയോട് ദ്വിഭാഷിയുടെ സഹായത്തോടെ ബംബാര ഭാഷയിൽ തന്റെ കഥ പറഞ്ഞു.

"സ്പെയിനിലേക്ക് പോകാൻ മലിയിൽനിന്ന് പുറപ്പെട്ട കഥയാണിദ്ദേഹം പറയുന്നത്" ദ്വിഭാഷി വിശദമാക്കി. "നൈജർ നദി കടന്ന് അൾജീരിയയിലേക്ക്, അവിടുന്ന് മൊറോക്കോയിലേക്കും പോയി." ക്ലേശപൂർണമായൊരു പലായനത്തിന്റെ കഥയായിരുന്നത്. മാദൂ കെയ്ത അത് തുടർന്നു: "മൊറോക്കന്മാർ ഞങ്ങളെ ഉജ്ദയിലേക്ക് തിരിച്ചുകൊണ്ടുപോയി. ഒരു ട്രക്കിൽ ഞങ്ങൾ സഹാറയിലെത്തിച്ചേർന്നു. സഹാറയിലൂടെ വീണ്ടും അൾജീരിയയിലേക്ക് നടന്നു. നേരത്തെ സഹായിച്ചിരുന്ന അൾജീരിയക്കാർ ഇത്തവണ അങ്ങോട്ടു പ്രവേശിച്ചില്ല. അവർ വെടിയുതിർത്തു. എന്നാൽ ഞങ്ങളിലാർക്കും അതിൽ മുറിവേറ്റില്ല. ഞങ്ങൾ യാത്ര തുടർന്നു. മുപ്പതു പേരാണുണ്ടായിരുന്നത്. ഏഴു രാത്രികൾ, ഒരാഴ്ച ഞങ്ങൾ നടന്നു. അന്നമോ വെള്ളമോ ഇല്ലാതെ."

"അത്യധികം ദുരിതമായ അലച്ചിൽ. ഞങ്ങളിൽ ചില രോഗികൾ പെട്ടെന്നു തളർന്നു. ഒരാൾ വീണു. അയാളുടെ അനുജൻ കാത്തിരിക്കാൻ തുനിഞ്ഞപ്പോൾ അയാൾ പറഞ്ഞു: "വേണ്ട. എനിക്ക് തുടരാനാവില്ല. ഞാൻ മരണത്തെ സ്വീകരിക്കാൻ തയാറായിക്കഴിഞ്ഞു. ഉടൻ പോകൂ."

"ഘാനയിൽ നിന്നുള്ള ഒരു സ്ത്രീയുണ്ടായിരുന്നു ഞങ്ങളോടൊപ്പം. സ്ത്രീയാണതെന്ന് ഞങ്ങളറിഞ്ഞില്ല. അവളൊരു പുരുഷനെപ്പോലെ വേഷം കെട്ടിയിരുന്നു. അവളും തളർന്നുവീണു. ഞങ്ങളവളെ സഹായിക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല."

വീട്ടുമുറ്റത്തു കൂടിയ കോടതിയുടെ പരിസരത്ത് അലക്കിക്കൊണ്ടിരിക്കുന്ന സ്ത്രീകൾ. വീടുകളിൽ കുട്ടികളുടെ ശബ്ദങ്ങൾ. പുഴുങ്ങി കഞ്ഞി പിഴിഞ്ഞ തുണിയിൽ നിന്ന് ചുവന്ന വെള്ളം ഒഴുകിപ്പരന്ന്, ചോര പോലെ തളം കെട്ടി നിന്നു. അതിൽനിന്ന് ആവി പറന്നു. ചുവന്ന തുണി, രക്തം മുങ്ങിയ ഒരു തിരശ്ശീലപോലെ ദൃശ്യം നിറഞ്ഞുനിന്നു.

കത്തിക്കാളുന്ന സൂര്യനു താഴെ പൊരിമണലിൽ ഒരു യുവാവ് തളർന്നു കിടന്നു. മണലിൽ ഇഴയുന്ന ചെറു പ്രാണികൾ. ഒരു കുപ്പിവെള്ളം അയാൾക്കരികിൽ വെച്ച് മറ്റൊരാൾ അകലേക്ക് നടന്നുപോയി. കണ്ണുകൾ പാതിയടച്ച് യുവാവ് മലർന്നുകിടന്നു. മാറിടം തുണികൊണ്ട് അമർത്തിക്കെട്ടി, ആണിനെപ്പോലെ ഷർട്ടു ധരിച്ചൊരു പെണ്ണായിരുന്നു അത്. കരുവാളിച്ച മുഖത്ത് മണൽത്തരികളും പ്രാണികളും പറ്റിക്കിടന്നു. പതുക്കെ അവളുടെ കണ്ണുകളടഞ്ഞു. ചത്തുമലച്ച് അവൾ കിടന്നു. സഹാറാ മരുഭൂമിയുടെ അനന്തതയിൽ കൊടും വേനലിൽ ചെറു ഭാണ്ഡങ്ങളും പേറി കുറേ ചെറുപ്പക്കാർ നടന്നകന്നു.

ചുവന്ന തുണിയിൽനിന്ന് വീണ്ടും വെള്ളം കണ്ണുനീർ പോലെ വാർന്നു. സ്ത്രീകളുടെ കണ്ണുകളും നിറഞ്ഞൊഴുകി. മാദൂ കെയ്ത വിവരണം തുടർന്നു: "ഞങ്ങൾ മുപ്പതുപേരിൽ ബാക്കിയായത് പത്തുപേർ മാത്രം. മറ്റുള്ളവർക്കെന്തു പറ്റിയെന്നറിയില്ല, അവർ മരിച്ചോ, ഇപ്പോഴും സഹാറയിൽ അലയുന്നോ?"

അപ്പോൾ ലോക ബാങ്കിനുവേണ്ടി വാദിക്കുന്ന കറുത്തവർഗക്കാരൻ വക്കീൽ ചോദിച്ചു: "മാദൂ കെയ്ത, നിങ്ങളെന്തിനു നാടുവിട്ടു? നിങ്ങൾക്ക് പഠിക്കാൻ വിദ്യാലയമുണ്ടായിരുന്നില്ലേ? ജനനം തൊട്ട് നിങ്ങൾക്കാവശ്യമായ ആരോഗ്യപരിചരണവും മറ്റും സ്റ്റേറ്റ് തന്നിരുന്നില്ലേ? നിങ്ങളെ തൊഴിലഭ്യസിപ്പിച്ച് ജോലി കണ്ടെത്താൻ സഹായിച്ചിട്ടില്ലേ? നിങ്ങൾക്കതു കൊണ്ട് ജീവിക്കാമായിരുന്നു."

മാദൂ പറഞ്ഞു: "സ്റ്റേറ്റ് എനിക്കൊന്നും തന്നിട്ടില്ല. ഒന്നും തന്നിട്ടില്ല. ഒന്നും...."

അലക്കിക്കൊണ്ടിരുന്ന സ്ത്രീ അപ്പോൾ ഇടപെട്ടു. അവർ വക്കീലിനെ

കടുത്ത ഭാഷയിൽ അധിക്ഷേപിച്ചു. സമാധാനം പാലിക്കാനപേക്ഷിച്ച ജഡ്ജിയോടവർ പറഞ്ഞു: "ഈ വിഡ്ഢിയോടൽപം സംസാരിക്കാൻ അനുവദിക്കണം സർ. ഈ യുവാവിനെ നമ്മളെന്തുകൊണ്ട് അവിശ്വസിക്കുന്നു? ഇതൊക്കെ വെറും നാട്യങ്ങളാണ്. ഇതിന്റെ മറവിൽ നിങ്ങൾക്കൊക്കെ സുഖിച്ചു ജീവിക്കാൻ."

"ഈ പീഡനം നിർത്തുക." സ്ത്രീ അലറി. "ഈ കപട നാടകം നിർത്തുക." അപ്പോൾ ജഡ്ജി പ്രഖ്യാപിച്ചു: "വിചാരണ മാറ്റിവെച്ചിരിക്കുന്നു."

***** ***** ***** *****

**രണ്ട്, നിഷ്കാസനം ചെയ്യപ്പെട്ട ഒരാൾ**

സാംബാ ദിയാക്കിത്തേ എന്ന സാക്ഷിയുടെ പേരു വിളിച്ചു. അയാളെഴുന്നേറ്റ് ആളുകൾക്കിടയിലൂടെ സാക്ഷിക്കൂട്ടിൽച്ചെന്നു നിന്നു. മധ്യവയസ്സിലേക്കു കടന്ന ഒരാൾ: "ഞാൻ സാംബാ ദിയാക്കിത്തേ. 1953ൽ ഹംദലയെ ജില്ലയിൽ ദക്കറിൽ ജനിച്ചു."

"ജോലി?" ജഡ്ജി ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: "മുൻ സ്കൂളധ്യാപകൻ."

"മുൻ അധ്യാപകനോ?" എന്ന ജഡ്ജിയുടെ അന്വേഷണത്തിന് അയാൾ മറുപടിയൊന്നും പറഞ്ഞില്ല. കുറേയേറെ നേരത്തെ കട്ടപിടിച്ച മൗനം.

"നിങ്ങൾക്ക് യാതൊന്നും പറയാനില്ലേ?" വീണ്ടും ജഡ്ജിയുടെ ചോദ്യം.

തൊഴിൽ രഹിതരായ രണ്ടു മൂന്നു യുവാക്കൾ ഉച്ചഭാഷിണിയിലൂടെ വിചാരണ കേട്ടുകൊണ്ടിരുന്നു. നീണ്ട മൗനം അവരെ അസ്വസ്ഥരാക്കി. അവരിലൊരാൾ ഉച്ചഭാഷിണി പരിശോധിച്ചു.

സാക്ഷി, കൂട്ടിൽ നിന്നിറങ്ങി തിരിഞ്ഞു നടന്നു. യുവാക്കളുടെ മുന്നിലൂടെ ഗേറ്റു കടന്ന് പുറത്തേക്ക്. പിന്നീടെപ്പോഴോ, സാംബാ ദിയാക്കിത്തേ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്കൊപ്പം വന്നിരുന്നു.

***** ***** ***** *****

**മൂന്ന്, സ്വകാര്യ ഗതാഗതം**

ബമാക്കോയിൽ ജനിച്ച ഒരു സ്ത്രീ. വയസ്സ് 52.

"നിങ്ങളെ ആരാണ് സാക്ഷിയായി ഹാജരാക്കിയതെന്നറിയാമോ?"

"അറിയാം. ഞാൻ വാദിഭാഗത്തുള്ള സാക്ഷിയാണ്."

"അതെ." ജഡ്ജി പറഞ്ഞു: "വാദിഭാഗത്ത് ആഫ്രിക്കൻ സമൂഹം. പ്രതിഭാഗത്ത് അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളും. സത്യമല്ലാതൊന്നും പറയില്ലെന്ന് കൈയുയർത്തി സത്യം ചെയ്യൂ."

മരങ്ങൾ ജീവിതത്തിന് ആരോഗ്യദായകമല്ലേ എന്നു ചോദിക്കപ്പെട്ടപ്പോൾ ആ സ്ത്രീ പറഞ്ഞു: "അതു ശരിയാണ്. എന്നാൽ ഒരു കമ്പനി നടത്താൻ മരങ്ങൾ വേണ്ടല്ലോ." (വനവൽക്കരണത്തിന് വായ്പ നൽകുന്നത് വൻ കമ്പനിയുടമകളാണല്ലോ).

"കൊള്ളാം – വളരെ ശരി തന്നെ." ജഡ്ജ് സമ്മതിച്ചു.

ചോദ്യം: "വായ്പ സ്വീകരിക്കുകയും ആ പണം ധൂർത്തടിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഈ പൊതുമുതലുകൾ വിൽക്കപ്പെടുന്നതിനെപ്പറ്റി, ഈ കുടുംബങ്ങൾ ജീർണിക്കുന്നതിനെപ്പറ്റി എന്തു തോന്നുന്നു?"

"തീർച്ചയായും എനിക്ക് ലജ്ജ തോന്നുന്നു" സ്ത്രീ പറഞ്ഞു. "കോപവും ഈ രാജ്യത്തോടുള്ള സഹതാപവും."

"റെയിൽപ്പാതയോടു ചേർന്നു നിൽക്കുന്ന ഗ്രാമങ്ങൾ..." അവർ വിവരിച്ചു "റെയിൽവെയെ ആശ്രയിച്ചാണ് കഴിയുന്നത്. കഴിഞ്ഞ ആറുവർഷത്തെ ജീവിതത്തിനു ശേഷം ഇപ്പോൾ അവർ കടക്കെണിയിലായി. റെയിൽ യാത്ര അവർക്കിപ്പോൾ പ്രാപ്യമാകുന്നില്ല. കൃഷിചെയ്തുണ്ടാക്കുന്ന പച്ചക്കറികൾ വിൽക്കാൻ പറ്റുന്നില്ല. മറ്റ് സാധനങ്ങൾ വാങ്ങാൻ യാത്രചെയ്യാനുമാവുന്നില്ല. അങ്ങനെയവർ ഗ്രാമം വിട്ടുപോയി. കുറേക്കഴിഞ്ഞ് തിരിച്ചു വന്നപ്പോഴോ, സ്ഥിതി കൂടുതൽ പരിതാപകരം."

"ഇതൊരു ഗൂഢാലോചനയുടെ ഫലമാണെന്നാരോപിക്കുന്നു. ഗതാഗത സംവിധാനം സ്വകാര്യവൽക്കരിച്ചില്ലെങ്കിൽ ലോകബാങ്ക് സഹായങ്ങൾ നിർത്തിക്കളയുമെന്നറിയിച്ചുകൊണ്ട് അധികൃതർക്ക് ലഭിച്ചിട്ടുള്ള ഒരു കത്ത് തെളിവായി സമർപ്പിക്കാം. സ്വകാര്യവൽക്കരണമാണ് റെയിൽവെയുടെ സൗകര്യങ്ങൾ ഗ്രാമവാസികൾക്ക് നിഷേധിച്ചത്."

"വാർത്താവിനിമയം, ഊർജം, ഗതാഗതം എന്നിവയുടെ മേൽ അധികാരമില്ലാത്ത ഒരു രാജ്യവും പരമാധികാര രാഷ്ട്രമല്ല. ഇവയെ നമ്മിൽനിന്ന് പിടിച്ചെടുക്കാൻ ബഹുരാഷ്ട്രക്കുത്തകകൾ ശ്രമിക്കുന്നു. അതനുവദിച്ചുകൂടാ. നമുക്കത് തടയാൻ സാധിക്കും." സ്ത്രീ ആവേശപൂർവം പ്രഖ്യാപിച്ചു.

"ഇതെല്ലാം ലോകബാങ്കിനെതിരെ കേവലം ദോഷൈകദൃഷ്ടിയോടു കൂടിയ ആരോപണങ്ങൾ മാത്രം" ലോകബാങ്ക് വക്കീൽ പ്രഖ്യാപിച്ചു.

***** ***** ***** *****

**നാല്, ആഗോള ഗ്രാമം**

ബാങ്കിന്റെ വക്കീൽ, വെള്ളക്കാരനായ റപ്പപോർട് ബമാക്കോയിലെ തെരുവിൽ നിന്നു വാങ്ങിയ, ഇറ്റാലിയൻ ഡിസൈനർ ഗുചി രൂപകൽപന ചെയ്ത കണ്ണട ധരിച്ച് സെൽഫോണിൽ സംസാരിച്ചുകൊണ്ട് അങ്ങുമിങ്ങും നടന്നു. ആ കണ്ണട കൂടുതൽ കറുത്തിരുണ്ട ചില്ലുകളുള്ളതായിരുന്നു.

വീട്ടുമുറ്റത്തു മേഞ്ഞിരുന്ന(ഉദാരവൽക്കരണത്തെപ്പറ്റി അറിവില്ലാത്ത) ഒരാട് പെട്ടെന്ന് പാഞ്ഞടുത്തപ്പോൾ അയാൾ ഞെട്ടി പുറകോട്ട് മാറി.

***** ***** ***** *****

**അഞ്ച്, കുടുംബം**

രാത്രി ഷകയും മകൾ ഇനയും വീട്ടിൽ ബലൂൺ കൊണ്ട് കളിച്ചു. അപ്പോൾ അയാളുടെ ഭാര്യ മെലെ ദൂരെയൊരു ബാറിൽ പാട്ടുപാടിക്കൊണ്ടിരുന്നു. അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ഒലിച്ചിറങ്ങി. പാടുന്നതിനിടെ, തിരിഞ്ഞുനിന്ന് അവൾ കണ്ണുകൾ തുടച്ചു. വീട്ടിൽ അഛൻ മകളെ തലോടി ഉറക്കി. ചുവരിൽ ഷകയുടെയും മെലെയുടെയും വിവാഹത്തിനുടനെ എടുത്തതെന്നു തോന്നുന്ന ഫോട്ടോ. ഇപ്പോൾ ഇന നന്നായി ഉറങ്ങി. ഒരു ഫാൻ മകൾക്കു നേരെ തിരിച്ചുവച്ച് അതിട്ടുകൊടുത്ത ശേഷം അഛൻ പുറത്തിറങ്ങി.

ഒരു വെടിയൊച്ച. ഇലക്ട്രിക് തൂണിനരികെ ഒരാൾ വീണു. സ്വയം വെടിവച്ചു വീണ ഷകയാവാം. ദൂരെ ഒരു കാർ നിർത്തി. അതിൽ നിന്നൊരാളിറങ്ങി ടയർ പരിശോധിച്ചു.

പ്രഭാതത്തിൽ മരിച്ചു കിടന്ന ഷകയുടെ അരികിലൊരു തെരുവുനായ മണപ്പിച്ചുനിന്നു.

ഷകയുടെ വീട്ടിലേക്ക് ആളുകൾ വന്നുകൊണ്ടിരുന്നു. കൂടിയിരുന്നവർ "ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദു റസൂലുല്ലാഹ്" എന്നുരുവിട്ടു. അവരുടെ കൂടെ വെള്ളക്കാരനായ ജഡ്ജിയും ഇരിക്കുന്നുണ്ട്. വിധവയായിത്തീർന്ന മെലെയോടൊപ്പമുള്ള സ്ത്രീകൾ അവളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. മൃതദേഹം വീട്ടിൽനിന്നും പുറത്തേക്ക്. മയ്യിത്ത് നിസ്കാരത്തിനു ശേഷം അതു വഹിച്ചുകൊണ്ട് ആളുകൾ ചെറിയ ഗേറ്റു കടന്നു നീങ്ങി. ഒരാൾ മുറ്റത്തിട്ട പായകൾ മടക്കിവെച്ചു. കോടതിയിലെ കസേരകൾ മുറ്റത്ത് അട്ടിവെച്ചിരിക്കുന്നു.

അങ്ങനെ ഒന്നും വിധിക്കാൻ പറ്റാതെ കോടതി പിരിഞ്ഞു.

= (അബ്ദുറഹ്മാൻ സിസ്സാക്കോവിന്റെ 'ബമാക്കോ' എന്ന ആഫ്രിക്കൻ സിനിമയിൽ നിന്നുള്ള ചില ദൃശ്യങ്ങൾ).

### ഐ.എം.എഫും ലോകബാങ്കും പ്രതികൂട്ടിൽ

അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളെ നേർക്കുനേർ വിചാരണ ചെയ്യുന്ന ഒരു പ്രമേയ പ്രതലമാണ് അബ്ദുറഹ്മാൻ സിസ്സാക്കോ എന്ന ആഫ്രിക്കൻ ചലച്ചിത്രകാരന്റെ 'ബമാക്കോ' (Bamako / Abdarrahman Sissako / 2006 / Mali, USA, France / French, Bambara) എന്ന ഏതാണ്ടൊരു ഡോക്യുമെന്ററി മാനവും കൂടിയുള്ള കഥാ ചിത്രത്തിന്റേത്. മൂലധനത്തിന്റെ പ്രയാണവും മേൽക്കോയ്മയും ലക്ഷ്യമിട്ട് സ്വതന്ത്രകമ്പോളം സ്ഥാപിക്കുന്നതിനാവശ്യമായ, ഘടനാപരമായ പരിഷ്കരണങ്ങൾ (Structural Adjustments) നടപ്പിലാക്കുന്നതിനു വേണ്ടിയാണ് അന്തർദേശീയ നാണയനിധിയും ലോകബാങ്കുമെല്ലാം നിലകൊള്ളുന്നത്. ഈ ക്രമീകരണങ്ങളാണ് ആഗോളവൽക്കരണമായി (Globalization) വികസിച്ചത്. ഇതിന്റെ അനിവാര്യഭാഗങ്ങൾ തന്നെയാണ് സ്വകാര്യവൽക്കരണവും (Privatization) ഉദാരവൽക്കരണവും (Liberalization).

സ്വതന്ത്രങ്ങളായ കോളനിരാജ്യങ്ങൾ സാമ്പത്തിക സ്വാശ്രയത്തിനായി ശ്രമിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ കൈക്കൊണ്ടിരുന്ന വ്യാപാര നിയന്ത്രണങ്ങളും പൊതുമേഖലയുടെ സംരക്ഷണവും മുതലാളിത്തത്തിന്റെ സ്വതന്ത്ര വ്യാപാര സിദ്ധാന്തങ്ങൾക്കും കമ്പോളത്തിന്റെ യുക്തിക്കും എതിരായിരുന്നു. ഉദാരീകരണ നടപടികൾക്കായുള്ള നിർബന്ധങ്ങളിലൂടെ ഇവയെ തകർക്കാനാണ് ബാങ്കും നിധിയും ശ്രമിച്ചത്. അങ്ങനെ പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കപ്പെട്ടു. രാജ്യാന്തര കുത്തകകൾ അവ കൈക്കലാക്കി. അതോടെ ഓരോ രാജ്യത്തേക്കും ഉൽപാദന വിതരണങ്ങൾ കുത്തകകളുടെ നിയന്ത്രണത്തിലായി. ഇപ്പോൾ പൊതുസേവനങ്ങൾ (വിദ്യാഭ്യാസം, ബാങ്കിംഗ്, ഇൻഷുറൻസ്....), പൊതു ഇടങ്ങൾ (റോഡ്, പാലം, റെയിൽ.....), പൊതു സ്രോതസ്സുകൾ (ജലം, നദി, ധാതുനിക്ഷേപം...) എന്നിവയെപ്പോലും കൈയടക്കാനാണ് ശ്രമം.

വായ്പയെ ആയുധമാക്കിയാണ് മൂലധനം ജീവിതത്തിനുമേൽ മേൽക്കോയ്മ സ്ഥാപിക്കുന്നത്. വായ്പയെ അധിനിവേശത്തിന്റെ ഏറ്റവും വലിയൊരായുധമായി സിസ്സാക്കോ തിരിച്ചറിയുന്നുണ്ട്. ദക്ഷിണാഫ്രിക്കൻ രാജ്യമായ മലിയുടെ തലസ്ഥാനമാണ് ബമാക്കോ. ബമാക്കോയുടെ പ്രാന്തപ്രദേശത്തുള്ള ഒരു വീട്ടുമുറ്റത്ത് കോടതിയും വിചാരണയും ഒരുക്കപ്പെട്ടിരിക്കുന്നു. ധനസ്ഥാപനങ്ങൾക്കെതിരായ കുറ്റപത്രങ്ങളും എതിർവാദങ്ങളും അവതരിപ്പിക്കപ്പെടുന്നു. ആഗോളീകരണം ആഫ്രിക്കൻ സമൂഹത്തിൽ സൃഷ്ടിച്ച ഉച്ചനീചത്വങ്ങളെ നാമിതിൽ തിരിച്ചറിയുന്നു.

മെലെ എന്ന ബാർ ഗായികയുടെ വീട്ടുമുറ്റത്താണ് സിസ്സാക്കോ സാങ്കൽപിക കോടതി ഒരുക്കുന്നത്. യഥാർഥ ജീവിതവും ഫാന്റസിയും ഇതിൽ ഇഴചേർന്നു പോകുന്നു. മെലെ, ഭർത്താവ് ഷക, മകൾ ഇന എന്നിവരടങ്ങിയ കൊച്ചുവീട്. ചേർന്നു തന്നെ വേറെയും വീടുകൾ. എല്ലാ ദരിദ്രം. ഒരു രോഗിയെയും അയാളെ ശുശ്രൂഷിക്കുന്ന മകളെയും നാമിടക്കിടെ കാണുന്നു. കോടതി നടക്കുന്ന അതേ മുറ്റത്ത് അലക്കും പാചകവും നടക്കുന്നു. കുഞ്ഞുങ്ങൾ കളിക്കുകയും വളർത്തു മൃഗങ്ങൾ മേയുകയും ചെയ്യുന്നു. നമ്മുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ് വിശകലനം ചെയ്യപ്പെടുന്നതെന്ന് നാം മനസ്സിലാക്കുന്നു. ദേശവാസികൾ വിചാരണ ശ്രവിക്കുകയും ചിലപ്പോൾ ഇടപെടുകയും ചെയ്യുന്നുണ്ട്. എന്നാൽ ഒരു ഭാഗത്ത് ചെറുപ്പക്കാർ നിസ്സംഗരായിരിക്കുമ്പോൾ ഏറ്റവും തീവ്രമായി ഇടപെടുന്നത് സ്ത്രീകളാണ്. വളരെ സമർഥമായി ഈ ചിത്രത്തിൽ യാഥാർഥ്യവും ഫാന്റസിയും ഇഴ ചേരുന്നു.

എന്തുകൊണ്ട് ആഫ്രിക്കൻ ജീവിതം ഇത്ര ദരിദ്രമായി? വിചാരണയിൽ സാക്ഷിയായി വരുന്ന എഴുത്തുകാരി പ്രഖ്യാപിക്കുന്നത് "ദാരിദ്ര്യം ആഫ്രിക്കയുടെ അടിസ്ഥാന സ്വഭാവ(key charecteristic)മൊന്നുമല്ല"ന്നാണ്. "അവളുടെ സമ്പന്നതയുടെ ഇരയാണ് യഥാർഥത്തിലവൾ" എന്ന് അവർ തുടരുന്നു. "നാം ചർച്ച ചെയ്യേണ്ടത് ദാരിദ്ര്യത്തെപ്പറ്റിയല്ല, ദരിദ്രവൽക്കരണത്തെ (pauperization)പ്പറ്റിയാണ്." ഈ ദരിദ്രവൽക്കരണ പ്രക്രിയയുടെ ഹൃദയവും സംഘാടകനുമായി യു.എസ് പ്രസിഡന്റ് ബുഷിനെ ചിത്രം അടയാളപ്പെടുത്തുന്നുമുണ്ട്.

ലോകബാങ്ക് വരുന്നതിനു മുമ്പും ആഫ്രിക്കൻ രാജ്യങ്ങൾ ദരിദ്രമായിരുന്നില്ലേയെന്ന് കറുത്തവർഗക്കാരനായ ഒരു ബാങ്ക് വക്കീലിന്റെ ചോദ്യം. സാക്ഷി വിചാരണക്ക് ഹാജരായ പ്രഫസർ അതിനിങ്ങനെ മറുപടി നൽകി: "ഈ രാജ്യങ്ങൾ നൂറ്റാണ്ടിലേറെക്കാലത്തെ കോളനി വാഴ്ചക്കു കീഴിലായിരുന്നല്ലോ. അതിനുശേഷം നില മെച്ചപ്പെടുത്താനുള്ള ശ്രമത്തിലായി ഈ ജനത. അപ്പോഴവർക്ക് അന്തർദേശീയതലത്തിൽ രൂപപ്പെട്ട കടുത്ത നിയമങ്ങളെയും (International diktat) പ്രതിസന്ധികളെയും നേരിടേണ്ടി വന്നു. അധികം താമസിയാതെ അന്താരാഷ്ട്ര സ്ഥാപനങ്ങളും ഘടനാപരമായ ക്രമീകരണങ്ങളും."

### ആഫ്രിക്കയെന്ന യാഥാർഥ്യം

"ക്രമീകരണങ്ങൾ വ്യക്തികളും രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങളെപ്പോലും തകരാറിലാക്കി" പ്രഫസർ തുടർന്നു. സാമ്രാജ്യ ശക്തികൾ തങ്ങളുടെ അതിക്രമങ്ങൾക്ക് ഇരകളെത്തന്നെ പഴിചാരുന്നു. നീഗ്രോ മടിയനും

കഴിവുകെട്ടവനുമാണെന്നും അവന് സ്വതന്ത്രമായി വികസിക്കാൻ സാധ്യമായിരുന്നില്ലെന്നുമുള്ള ഒരു വർത്തമാനത്തെ നേരിട്ടുകൊണ്ട് പ്രഫസർ പറഞ്ഞു: "എന്നാൽ ഇതേ നീഗ്രോകളെ അടിച്ചമർത്തി അടിമകളാക്കിയും നാശത്തിൽ തള്ളിവിട്ടുമാണ് നിങ്ങൾ നിങ്ങളുടെ പുരോഗതി നേടിയത്. അഥവാ, നിങ്ങളുടെ വികസനം ഉറപ്പുവരുത്തിയത് ഇതേ നീഗ്രോകൾ തന്നെയല്ലേ?"

ഇരയെ പഴിചാരൽ എക്കാലത്തും മേലാളതന്ത്രമാണ്. നീചജാതികളുടെ മുജ്ജന്മ ദുഷ്കൃതത്തെക്കുറിച്ച സവർണ സിദ്ധാന്തം ഉദാഹരണം. ആദിവാസികൾ ഭൂരഹിതരായത് അവർ മദ്യപരും കഴിവുകെട്ടവരുമായതുകൊണ്ടാണെന്ന ലഘൂകരണമുണ്ടല്ലോ നമ്മുടെ നാഗരികർക്ക്. ആഫ്രിക്കയെപ്പറ്റി ഇപ്പോഴും ഇതേ വർത്തമാനങ്ങൾ പ്രചരിപ്പിക്കുന്നു. ഗോത്രമാത്സര്യവും വംശഹത്യകളും, അഴിമതി, ഏകാധിപത്യ വാഴ്ചകൾ, എയ്ഡ്സ് തുടങ്ങിയവയുടെ പേരിലാണ് ഇന്ന് ആഫ്രിക്ക മാധ്യമങ്ങളിൽ വരുന്നത്. വംശീയതയും ഗോത്രസംഘർഷങ്ങളും കൊളോണിയൽ കാലത്തിന്റെ സൃഷ്ടിയാണ് സത്യത്തിൽ. ഏകാധിപതികളെ ഇക്കാലത്ത് നിലനിർത്തുന്നതും സാമ്രാജ്യശക്തികൾ തന്നെ.

സിനിമയിൽ ബാങ്കിനും നിധിക്കുമെതിരെ വാദിക്കുന്ന വെള്ളക്കാരൻ വക്കീൽ ഇതു പറയുന്നുണ്ട്. അഴിമതി ആഫ്രിക്കയുടെ ജനിതക സ്വഭാവമൊന്നുമല്ല. യഥാർഥത്തിലതിവിടെ വന്നത് ധനിക രാജ്യങ്ങളിൽ നിന്നത്രേ. ലോകബാങ്ക് ക്രമീകരണത്തിന്റെ ഫലമായുണ്ടായ ദരിദ്രവൽക്കരണം മൂലം ആരോഗ്യത്തിലും പോഷകാഹാരത്തിലുമുണ്ടായ കുറവിനെത്തുടർന്ന് മരണനിരക്ക് വർധിക്കുകയും പ്രതീക്ഷിത ആയുർദൈർഘ്യം കുറയുകയും ചെയ്തു. ഇത്തരം പരാജയങ്ങളെ മറയ്ക്കാൻ കൃത്രിമമായി സൃഷ്ടിച്ച കണക്കുകളാണ് എയ്ഡ്സ് പ്രചാരണത്തിലുള്ളത്.

"കോളനീകരണത്തിനു മുമ്പ്." പ്രഫസർ പറയുന്നു: "സമ്പന്നവും ശക്തവുമായ, ഉന്നത ജീവിത നിലവാരമുള്ള രാജ്യമായിരുന്നിത്. കോളനിയായതോടെ ഇവിടുത്തെ ആളും അർഥവും അപഹരിക്കപ്പെട്ടു. ഏറ്റവുമേറെ സ്വർണമുൽപാദിപ്പിക്കുന്ന ഒരു രാജ്യത്ത് ജനങ്ങളെല്ലാം ദരിദ്രർ. പേരിനെങ്കിലും ഒരു സ്വർണാഭരണം ധരിച്ച ഒറ്റ സ്ത്രീപോലുമില്ലിവിടെ."

പ്രഫസറിലൂടെ സിസ്സാക്കോ പറയുന്ന കാര്യങ്ങൾ തികച്ചും വാസ്തവമെന്നതിന് ചരിത്രം സാക്ഷി. 'ഇരുണ്ട വൻകര'യെന്ന പ്രയോഗം യൂറോപ്യരുടെ അജ്ഞതയാലുണ്ടായതാണ്. പതിനഞ്ചാം നൂറ്റാണ്ടിൽ യൂറോപ്യർ 'കണ്ടുപിടിച്ച' പല ആഫ്രിക്കൻ പ്രദേശങ്ങൾക്കും പൗരാണികകാലം മുതൽക്കു തന്നെ ഇന്ത്യയുമായും ചൈനയുമായും വ്യാപാരബന്ധമുണ്ടായിരുന്നു. യൂറോപ്പിന്റെ 'ഇരുണ്ട കാല'ത്ത് ലോകത്തിലെത്തന്നെ പ്രബലതുറമുഖങ്ങളിലൊന്നായിരുന്നു സാൻസിബാർ. യേശുവിന്റെ കാലത്തുതന്നെ ആഫ്രിക്കയിൽ ക്രിസ്തീയ ആശയങ്ങൾ പ്രചരിച്ചു. മധ്യകാലത്ത് മലിയിലെ തിംബുക്തു ഭൂമിയിലെ ഏറ്റവും സമ്പന്നമായ സാംസ്കാരിക ദേശങ്ങളിലൊന്നായിരുന്നു. ഇവിടുത്തെ ഇസ്‌ലാമിക പഠനകേന്ദ്രത്തിലേക്ക് അറബ് നാടുകളിൽനിന്നുപോലും പണ്ഡിതന്മാർ വന്നു. കോളനിവൽക്കരണം ആഫ്രിക്കൻ ജീവിതത്തിലും സമൂഹത്തിലും മനസ്സിലും ആഴത്തിലുള്ള ആഘാതങ്ങളും ഛിദ്രതയും സൃഷ്ടിച്ചു. ബന്ധങ്ങൾ പോലും തകരാറിലായി.

ഈ ശൈഥില്യമാണ് 'ബമാക്കോ' എന്ന സിനിമയുടെ പ്രധാന പശ്ചാത്തലം. മെലെയും ഭർത്താവും മാനസികമായി വളരെ അകന്നിരിക്കുന്നു. വിവാഹമോചനത്തിന്റെ വക്കിലാണവർ. ബാർ ഗായികയായ മെലെ ഉപരിവർഗത്തിന്റെ ഒരുപകരണമായി. ഷകയാകട്ടെ, വളരെ നിസ്സംഗൻ. അയൽക്കാരുമായി അവരുടെ ബന്ധത്തിലും ഈ തകരാറുകൾ കാണാം. ചുറ്റുപാടുകളാകട്ടെ, വളരെ ദരിദ്രവുമാണ്.

ഇവിടെയാണ് സാങ്കൽപിക കോടതി നടക്കുന്നത്. സാധാരണ ജീവിതവും നമുക്കു മുന്നിൽ തുടരുന്നു. സങ്കൽപവും യാഥാർഥ്യവും തമ്മിലുള്ള അതിർവരമ്പുകൾ പലപ്പോഴും ലംഘിക്കപ്പെടുന്നു. വികസനത്തെക്കുറിച്ച സംവാദങ്ങളരങ്ങേറുന്നു കോടതിയിൽ. ഒരു സമൂഹം സത്യത്തിൽ വികസിതമായിത്തീരുന്നതെപ്പോൾ, എങ്ങനെ? സംവാദങ്ങളിൽ നിരക്ഷരരായ സാധാരണക്കാർ ഇടപെടുന്നു. വാദിഭാഗത്ത് ആഫ്രിക്കൻ സമൂഹവും എതിർസ്ഥാനത്ത് അന്താരാഷ്ട്ര ധനസ്ഥാപനങ്ങളും നിൽക്കുന്ന ഈ വിചാരണയിൽ, ക്രമീകരണത്തെത്തുടർന്ന് ജോലി പോയ അധ്യാപകനും റെയിൽവെ സ്വകാര്യവൽക്കരണത്താൽ ഒറ്റപ്പെട്ടുപോയ സ്ത്രീയും ഗതികെട്ട് പലായനം ചെയ്യേണ്ടിവന്ന യുവാവുമെല്ലാം സാക്ഷികളായെത്തുന്നു (തുടക്കത്തിൽ കൊടുത്ത ഭാഗങ്ങൾ നോക്കുക). വികസനം മുതൽ ഭീകരതക്കെതിരായ യുദ്ധം വരെയുള്ള കാര്യങ്ങളിൽ മാധ്യമങ്ങളുടേത് പാശ്ചാത്യ ഭാഷയാണ്. എന്നാൽ സിസ്സാക്കോ അവതരിപ്പിക്കുന്ന സംവാദത്തിൽ ആഫ്രിക്ക കേന്ദ്രസ്ഥാനത്ത് വരുന്നു. ■

(തുടരും)